(ബി) കടുത്തുരുത്തി പോലീസ് സ്റ്റേഷൻ ക്രൈം 155/95-ാം നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരവെ ക്രൈംബ്രാഞ്ച് വിഭാഗം കേസ്സ് ക്രൈം 194/ സി.ആർ/95 നമ്പരായി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തുകയും അന്വേഷണം പൂർത്തിയാക്കി 24.1.97-ൽ പ്രതികൾക്കെതിരെ സെക്ഷൻ143, 147, 149, 324, 323, 306, 34 ഐ.പി.സി. ആന്റ് സെക്ഷൻ 3(1) (x) ഓഫ് എസ്.സി./എസ്.ടി (പി.എ.) ആക്ട് പ്രകാരം കോട്ടയം സെഷൻസ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും, കോടതി രേഖകൾ പരിശോധിച്ചശേഷം സെക്ഷൻ 3(1) (x) എസ്.സി./എസ്.ടി.(പി.എ.) ആക്ട് നിലനിർത്തുന്നില്ലെന്ന് കണ്ട് അസിസ്റ്റന്റ് സെഷൻസ് കോടതിയിലേയ്ക്ക് ഫയൽ അയയ്ക്കുകയുണ്ടായി. കേസ്സ് ഇപ്പോൾ വിചാരണയിലാണ്.

(സി) പരാതികൾ ലഭിച്ചിരുന്നു. അതിന്മേൽ പാലാ ഡി.വൈ.എസ്.പി. ഉചിതമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്.

(ഡി)&(ഇ) കേസ്സ് കോടതിയിൽ വിസ്താരത്തിലിരിക്കുകയാണ്.

50 (2235) പൂഴിക്കാട്ടെ മോഹൻദാസിന്റെ മരണം

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം പഞ്ചായത്തിലെ പൂഴിക്കാട് മലയുടെ പടിഞ്ഞാറ്റതിൽ രാധാകൃഷ്ണൻ എന്നുവിളിക്കുന്ന മോഹൻദാസിന്റെ ദുരൂഹമരണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഏത് വിധത്തിലുള്ള അന്വേഷണമാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പന്തളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 93/99 കേസ്സ് ഇപ്പോൾ പോലീസ് അന്വേഷണം നടത്തിവരുന്നു.

(സി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. കേസ്സന്വേഷണം നടന്നുവരികയാണ്.

51 (2236) ചന്ദ്രമോഹൻ പിള്ളയുടെ മരണം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഏപ്രിൽ 25 ന് കടയ്ക്കൽ പോലീസ് കസ്റ്റഡിയിൽ വച്ച് ആൽത്തറമൂട് ഏറത്തുവീട്ടിൽ ചന്ദ്രമോഹൻപിള്ള മരണമടഞ്ഞ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ചന്ദ്രമോഹനന്റെ മൃതശരീരത്തിൽ തലയ്ക്കും ശരീരത്തിന്റെ പല ഭാഗങ്ങളിലും മുറിവ് ഉണ്ടായിരുന്നോ;

(സി) ഈ മുറിവ് എപ്രകാരമാണ് ഉണ്ടായത്;

LIBRARY ARCHIVES Kerala Legislative Assembly